നമ്പർ 101/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,

മലങ്കര സഭയുടെ ഒന്നാം കാതോലിക്കാ പരിശുദ്ധ ബസ്സേലിയോസ് പൗലോസ് പ്രഥമൻ (മുറിമറ്റത്തിൽ മാർ ഈവാനിയോസ് ) ബാവാ തിരുമനസ്സിലെ 95 -ാം ഓർമ്മപ്പെരുന്നാൾ 2008 മെയ് മാസം 2, 3 (വെള്ളി, ശനി) തീയതികളിൽ പരിശുദ്ധ പിതാവ് കബറടങ്ങിയിരിക്കുന്ന പാമ്പാക്കുട സെന്റ് തോമസ് ചെറിയപള്ളിയിൽ സമുചിതമായി ആഘോഷിക്കുകയാണ്. നമ്മുടെ അസ്സിസ്റ്റന്റും പിൻഗാമിയുമായ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തായും, സുൽത്താൻബത്തേരി മെത്രാസനത്തിന്റെ കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്തായും പെരുന്നാൾ ചടങ്ങുകൾക്ക് നേതൃത്വം നൽകുന്നതാണ്. പരിശുദ്ധ സഭയ്ക്കും കണ്ടനാട് മെത്രാസനത്തിനും ഒരു നിർണ്ണായക കാലഘട്ടത്തിൽ സുധീര നേതൃത്വം നൽകിയ പരിശുദ്ധ പിതാവിന്റെ സ്മരണ നമുക്കേവർക്കും അനുഗ്രഹപ്രദമാണ്. ആയതിനാൽ ഈ ഓർമ്മപ്പെരുന്നാളിൽ നിങ്ങളേവരും നേർച്ചകാഴ്ചകളോടുകൂടി വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം ഓർമിപ്പിക്കുന്നു. നമ്മുടെ എല്ലാ പള്ളികളിലും അന്നേദിവസമോ, അതിനടുത്ത ഞായറാഴ്ചയോ വിശുദ്ധകുർബ്ബാന മദ്ധ്യേ പരിശുദ്ധ പിതാവിനെ ഓർത്ത് പ്രത്യേകം പ്രാർത്ഥന നടത്തണം.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

ബസ്സേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ.

2008 ഏപ്രിൽ മാസം 3 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.